# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1378 — 06-03-2020-ന് മറുപടിയ്ക്ക്

## അട്ടപ്പാടി സമഗ്ര സുസ്ഥിര കാർഷിക പദ്ധതി

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | ഉത്തരം<br>ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരള പുനർനിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന അട്ടപ്പാടി സമഗ്ര സുസ്ഥിര കാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള വിശദാംശം നൽകുമോ; | (എ) | ഉണ്ട്. അട്ടപ്പാടിയിലെ 192 പട്ടികവർഗ ഊരുകളുടെ കാർഷിക മേഖലയിലെ ഉന്നമനത്തെ ലക്ഷ്യമിട്ടാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അട്ടപ്പാടി മേഖല 2 പ്രത്യേക അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. പൂർണമായും ജൈവ കൃഷി രീതികൾ അവലംബിച്ച് അട്ടപ്പാടിയിലെ പട്ടിക വർഗക്കാരുടെയും അവിടത്തെ കാർഷിക മേഖലയുടെയും സുസ്ഥിര വികസനവും ഈ മേഖലയുടെ പരിസ്ഥിതി സന്തുലനവും നിലനിർത്താനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ജൈവകൃഷി രീതികളിലൂടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും കാർഷിക വിളകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനായാണ് ഈ പദ്ധതി.<br>താഴെ പറയുന്ന ഘടകങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് :<br>• ചെറുധാന്യങ്ങൾ, എണ്ണക്കുരു, പച്ചക്കറി എന്നിവയുടെ കൃഷി വിസ്തൃതി വർധിപ്പിക്കുക:- ഏകദേശം 2,000 ഹെക്ടർ സ്ഥലത്തു ജൈവകൃഷി മുറകൾ പ്രയോഗിച്ചു സുസ്ഥിരമായ കാർഷികോൽപാദനമാണ് ഇത് വഴി ഉദ്ദേശിക്കുന്നത്.<br>• കൃഷി ചെയ്യുമ്പോഴുള്ള വന്യമൃഗ ശല്യം ഒഴിവാക്കുന്നതിനു വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക:- വനമേഖലയിൽ കൃഷി ചെയ്യുമ്പോഴുള്ള വന്യമൃഗ ശല്യം ചെറുക്കാൻ ഒരു നൂതന പദ്ധതിയായ തേനീച്ച വേലികൾ ചെയ്യാനുദ്ദേശിക്കുന്നു. കാട്ടാന ശല്യം ഒഴിവാക്കുന്നതിനു തേനീച്ച വേലികൾ ഫലപ്രദമാണെന്നു കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഇവയിൽനിന്നും ലഭിക്കുന്ന തേൻ കർഷകർക്ക് മറ്റൊരു വരുമാന മാർഗ്ഗവുമാണ്.<br>• പൂർണമായും ജൈവരീതിയിൽ കൃഷി ചെയ്യുന്നതിനു വേണ്ടി ജൈവകൃഷിക്ക് സഹായകമാവുന്ന ജൈവ കീടനാശിനികളും ജീവാണു വളങ്ങളും നൽകുക. |

| | | | |
|---|---|---|---|
| | | | • ഇത്തരത്തിൽ കൃഷി ചെയ്തു വരുന്ന വിളകൾക്ക് സംഭരണം ഉറപ്പാക്കുവാനും വിപണന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.<br>• അട്ടപ്പാടിയിലെ തനതു വിത്തുകൾ സംരക്ഷിക്കുന്നതിനു വേണ്ടി സീഡ് ബാങ്ക് നിർമ്മിക്കുക.<br>• കാർഷിക ഉൽപന്നങ്ങളുടെ, പ്രത്യേകിച്ച് ചെറുധാന്യങ്ങളുടെ മൂല്യവർധനവിനു വേണ്ടിയുള്ള സഹായം നൽകുക.<br>• ഓർഗാനിക് സർട്ടിഫിക്കേഷനും ഭൗമസൂചിക പട്ടം ലഭിക്കുന്നതിനും വേണ്ടിയുള്ള സഹായം നൽകുക. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിക്കായി വിശദമായ പദ്ധതിരേഖ ആർ.കെ.ഐ ഉന്നധികാര സമിതി (HLEC) യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് അട്ടപാടി വില്ലേജ് സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ നടപ്പാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**